**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3067** **11-03-2025 - ൽ മറുപടിയ്ക്ക്**

**കൊടുങ്ങല്ലൂർ -ഷൊർണ്ണൂർ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കെ.എസ്.ടി.പി. യുടെ നിർമ്മാണ ചുമതലയിലുള്ള കൊടുങ്ങല്ലൂർ -ഷൊർണ്ണൂർ റോഡിന്റെ നിർമ്മാണം കൊടുങ്ങല്ലൂർ ടൗൺ ഉൾപ്പെടെയുള്ള പ്രദേശത്ത് തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്നും ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (എ) | കൊടുങ്ങല്ലൂർ മണ്ഡലത്തിലൂടെ കടന്നു പോകുന്ന കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ റോഡിലെ മൊത്തം 11.820 കി.മീ. ദൂരത്തിൽ 6.720 കി.മീ. ദൂരം റോഡ് PQC പ്രതലമാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ മുതൽ കരുപടന്ന വരെയുള്ള 5.10 കി.മീ. ദൂരം PQC പ്രവൃത്തിക്കുവേണ്ടി റോഡ് ഡൈവേർട്ട് ചെയ്യുമ്പോൾ അധികമായി 15 കി.മീ. ദൂരം സഞ്ചരിക്കേണ്ടി വരുന്നതുകൊണ്ട് ട്രാഫിക് Diversion ന് അംഗീകാരം ലഭിച്ചിട്ടില്ല. Trasffic diversion ന്റെ അംഗീകാരത്തിനുവേണ്ടി തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൻമേൽ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ